വരും വർഷങ്ങളിൽ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിക്കുന്നതിന് ഈ കരാറുകൾ സഹായകമാണ്. മാത്രമല്ല ഇത്തരമൊരു മേള ആദ്യമായി സംഘടിപ്പിച്ചതുവഴി ലോക രംഗത്ത് പ്രത്യേകമായൊരു സ്ഥാനം കേരളത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ടൂറിസം രംഗത്തെ കേരളത്തിന്റെ പ്രചാരണ പരിപാടികൾക്ക് ആക്കം വർദ്ധപ്പിക്കുന്നതിന് മേള സഹായകമായി.

(സി) കേരള ട്രാവൽ മാർട്ട് സംഘടിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റും സ്വകാര്യ മേഖലയും ചെർന്ന് മൊത്തം 2,96,66,285 രൂപ ചെലവഴിച്ചു.

(ഡി) ഇതിൽ സ്വകാര്യമേഖല മൊത്തം ചെലവാക്കിയ തുക 2,37,20,000-ഉം സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് ചെലവാക്കിയ തുക 59,46,285-ഉം ആണ്.

തീരദേശ ആരോഗ്യ പദ്ധതി

25 (*173) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ പഞ്ചായത്തുകളിലെ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) തീരദേശപദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ-ഡി) തീരദേശ പഞ്ചായത്തുകളിലെ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആവിഷ്ക്കരിച്ച തീരദേശ ആരോഗ്യ പദ്ധതി 1-2-1993-ൽ തുടങ്ങി 31-3-1999-ൽ അവസാനിക്കുകയും ചെയ്തു. തീരദേശത്തെ 9 ജില്ലകളിലെ 171 ആശുപത്രികളിൽ വിവിധ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ 9.29 കോടി രൂപ ചെലവഴിച്ചു നടപ്പിലാക്കി.

ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

26 (*174) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആശുപത്രികളിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത് പരിഗണിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) പൊതുജനങ്ങൾക്ക് അത്യാവശ്യസന്ദർഭങ്ങളിൽ താമസമില്ലാതെ ഏറ്റവും അടുത്ത് വിദഗ്ധ ചികിത്സ ലഭിക്കുക എന്ന ഉദ്ദേശത്തോടെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 70-ഓളം ആശുപത്രികളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളായി ഉയർത്തിയിട്ടുണ്ട്. സ്റ്റേറ്റ് എയ്ഡ്സ്സെല്ലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി 25 പുതിയ ബ്ലഡ് ബാങ്കുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50 ലക്ഷം രൂപ ചെലവിൽ അഞ്ച് ഇൻസിനറേറ്റുകൾ വാങ്ങി വിവിധ ആശുപത്രികളിൽ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകുകയും ചെയ്തു. ഇതുമൂലം ആശുപത്രിയിലെ ചപ്പുചവറുനിർമ്മാർജ്ജനം ചെയ്യുന്നതിനും ആശുപത്രി പരിസരം കൂടുതൽ വൃത്തിയായി സൂക്ഷിക്കുന്നതിനും സാധിച്ചു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് ആശുപത്രികളിലും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്ക് ഓരോ പുതിയ മെഡിസിൻ കാരിയറുകൾ നൽകി.

മാനന്തവാടി, പാലക്കാട്, തലശ്ശേരി, കൊല്ലം, തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലാ ആശുപത്രികളിൽ പരിഷ്കരിച്ച രീതിയിൽ കാറ്റാറാക്ട് ഓപ്പറേഷൻ നടത്തുന്നതിനുവേണ്ടി ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വാങ്ങി നൽകുകയുണ്ടായി. ഈ ഇനത്തിൽ ആറ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി ഇതുപത് രൂപ ചെലവഴിച്ച ദേശീയ അന്ധതാ നിവാരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 141 ലക്ഷം രൂപയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി 1996-97-ൽ ഭരണാനുമതി നൽകി. 1999-2000 വർഷത്തിൽ ഇതേ ആവശ്യത്തിന് 139.14 ലക്ഷം രൂപയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 1996-97-ൽ താലൂക്കാശുപത്രികളുടേയും ഇന്റർമീഡിയറി ആശുപത്രികളുടേയും വികസനത്തിനായി 90 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി അനവധി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനവിഹിതമായി വച്ചിട്ടുള്ള 210 ലക്ഷംരൂപയിൽ 120 ലക്ഷം രൂപ സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രികളുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1998-99-ലെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 100 ലക്ഷം രൂപ ജില്ലാ ആശുപത്രികൾ, സാനിട്ടേറിയം എന്നിവ മെച്ചപ്പെടുത്തുന്നതിനും 50 ലക്ഷം രൂപ കട്ടിലുകൾ, കിടക്കകൾ, മരുന്നുകൾ മുതലായവ നൽകുന്നതിനും ബാക്കി രൂപ താലൂക്കാശുപത്രികൾ, മറ്റ് ഗവൺമെന്റ് ആശുപത്രികൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മരുന്നുകൾ, മറ്റുപകരണങ്ങൾ എന്നിവ നൽകുന്നതിനുമായി വക കൊള്ളിച്ചിട്ടുണ്ട്.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് മൊത്തം 100 ലക്ഷംരൂപ ചെലവഴിച്ചിട്ടുണ്ട്.

1999-2000-ൽ ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പദ്ധതിവിഹിതമായ 250 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള സ്റ്റാഫിന്റെ ചെലവിനും 50 ലക്ഷം രൂപ വീതം താലൂക്ക് തലത്തിനും മുകളിലുള്ള ആശുപത്രികൾക്കുവേണ്ടിയുള്ള യന്ത്ര സാമഗ്രികൾക്കും മറ്റ് ഉപകരണങ്ങൾക്കും 25 ലക്ഷം രൂപ മറ്റ് ചെലവുകൾക്കുമായി നീക്കിവെച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികൾക്ക് മുകളിലുള്ള ആശുപത്രികളിൽ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി 50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2000-2001-ൽ ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പദ്ധതിവിഹിതമായ 150 ലക്ഷം രൂപയിൽ ശമ്പള ഇനത്തിൽ 50 ലക്ഷം രൂപയും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 50 ലക്ഷം രൂപയും സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കായി 40 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി 10 ലക്ഷം രൂപായും നീക്കിവെച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ അറ്റകുറ്റപ്പണികൾക്കായി 73 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 10 സർക്കാർ ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുകയും അതിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പ്ലാൻ വിഭാഗത്തിൽ അവശ്യാവശ്യപദ്ധിതിയിൻ കീഴിലും, ഇപ്രൂവ്മെന്റ് ഓഫ് ഹെൽത്ത് ഫെസിലിറ്റീസിന്റെ കീഴിലും പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ ഹോമിയോ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആശുപത്രികളിൽ പുതിയ ലബോറട്ടറികൾ അനുവദിക്കുകയും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജനകീയാസൂത്രണം വഴി സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം, ആശുപത്രി ഉപകരണങ്ങൾ, സ്റ്റേഷനറി മറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി വികസന സമിതി മുഖാന്തിരം ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും പ്രവർത്തനപുരോഗതി വിലയിരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതികൾവഴി ആശുപത്രികളിൽ സ്പെഷ്യൽ ക്ലീനിക്കുകൾ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതേ പദ്ധതിപ്രകാരം വനിതകൾക്ക് പ്രത്യേക വാർഡുകൾ നിർമ്മിക്കുന്നതിനും ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രോജക്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആശുപത്രികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡോക്ടർമാർക്ക് ട്രെയിനിംഗുകൾ നൽകിവരുന്നു. സംസ്ഥാന മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തി പരമാവധി സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു.

2. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സംവിധാനം ഏർപ്പെടുത്തി.

3. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ആരംഭിച്ചു.

4. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സി.റ്റി.സ്കാൻ സംവിധാനം ഏർപ്പെടുത്തി.

5. കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ച് ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോട് അനുബന്ധിച്ച് ന്യായവില മെഡിക്കൽ ഷോപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തു.

6. 1999-2000 സാമ്പത്തികവർഷത്തിൽ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗനിർണ്ണയത്തിനും ചികിത്സക്കുമായി ഏകദേശം രണ്ടുകോടി രൂപയ്ക്കുള്ള യന്ത്രോപകരണങ്ങൾ വാങ്ങി.

7. പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന രോഗങ്ങളെപ്പറ്റി പഠനം നടത്തുന്നതിനും പ്രതിവിധി കണ്ടെത്തുന്നതിനുമായി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചു ആരംഭിച്ചു.

8. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കി വരുന്നു.

9. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ഒന്നരക്കോടി രൂപ ചെലവിൽ ട്രോമാകെയർ യൂണിറ്റിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു.

10. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് മുളംകുന്നത്തുകാവിൽ 400 കിടക്കകളുള്ള ആശുപത്രി ബ്ലോക്കിന്റെ പണി പൂർത്തിയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

11. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് വണ്ടാനത്ത് ഒ. പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് ആലപ്പുഴ ടൗണിൽ പ്രവർത്തിക്കുന്ന ശിശുരോഗ വിഭാഗവും, ശിശുരോഗ ശസ്ത്രക്രിയാ വിഭാഗവും വണ്ടാനത്ത് പണികഴിപ്പിച്ച പുതിയ ബ്ലോക്കിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ റേഡിയോ തെറാപ്പി, ഫിസിക്കൽ മെഡിസിൻ ഇവയിൽ ബിരുദാനന്തര ബിരുദ കോഴ്സ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

13. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഡി.എം.എൽ.റ്റി., സി.ആർ.റ്റി. ആന്റ് ഡി.ഒ.എ. എന്നീ കോഴ്സ് ആരംഭിച്ചു. കൂടാതെ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

1. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് മുളംകുന്നത്തുകാവിൽ ഓപ്പറേഷൻ തീയേറ്ററും, അത്യാഹിതവിഭാഗവും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയോടനുബന്ധിച്ച് വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി ഒരു പ്രത്യേക വിഭാഗം ആരംഭിക്കുവാനുദ്ദേശിക്കുന്നു.

3. മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി മൂന്ന്കോടി രൂപയ്ക്ക് ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നു.

4. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് വണ്ടാനത്ത് ഒ.പി.ബ്ലോക്കിനോട് ചേർന്ന് ഐ.പി. ബ്ലോക്ക് പണിയാൻ ഉദ്ദേശിക്കുന്നു.

5. കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഡെന്റൽ കോളേജ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

6. തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ഈ വർഷം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിലയിരുത്തിയിട്ടുണ്ട്. ആയുർവേദ വകുപ്പിൽ ആശുപത്രികളിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഹോമിയോപ്പതി വകുപ്പിൽ ആവിഷ്ക്കരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിലയിരുത്തുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനം പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിലയിരുത്താറുണ്ട്.

(സി) ആയുർവേദ വകുപ്പിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വിലയിരുത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ചെലവഴിച്ച തുകകൾ താഴെ രേഖപ്പെടുത്തുന്നു :-

ആയുർവേദം	15019000 രൂപ
ഹോമിയോപ്പതി	ഏകീകൃതമായ കണക്ക് ലഭ്യമല്ല. ഇതിനായി നടപടികൾ നടന്നു വരുന്നു.
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾ :-	5641.34 ലക്ഷം രൂപ
മെഡിക്കൽ കോളേജ് ആശുപത്രികൾ	291.567 കോടി രൂപ (പദ്ധതി ഇതരം)
	115 കോടി (പദ്ധതി)

(ഇ) ആയുർവേദം - ജീവനക്കാർക്കുള്ള ശമ്പളം, രോഗികൾക്കുള്ള മരുന്ന്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ളവ - പ്രധാനമായും സാധനസാമഗ്രികൾ വാങ്ങുന്നതിനും തസ്തികകൾ സൃഷ്ടിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾക്കും പരിശീലനപരിപാടികൾക്കുമാണ് ചെലവഴിച്ചിട്ടുള്ളത്.

മെഡിക്കൽ കോളേജ് :- ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും മരുന്ന് വാങ്ങുന്നതിനും യന്ത്രസമഗ്രികൾ റിപ്പയർ ചെയ്യുന്നതിനുമാണ് പദ്ധതിയേതര ഇനത്തിൽ ചെലവഴിച്ചത്. പദ്ധതിയിനത്തിൽ തുകചെലഴിച്ചത് നിർമ്മാണ പ്രവർത്തനങ്ങൾക്കും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ്.

കായികരംഗത്തെ പുഷ്ടിപ്പെടുത്തുവാനുള്ള നടപടി

27 (*175) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തെ പുഷ്ടിപ്പെടുത്തുവാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly